

# ചെങ്ങോടുമല പാറഖനനം

## ജനകീയ പ്രതിരോധം അനിവാര്യം

പരിസര വിഷയസമിതി
കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
കോഴിക്കോട് ജില്ല

കോഴിക്കോട് ജില്ലയിലെ കോട്ടൂർ പഞ്ചായത്തിൽപ്പെട്ട ചെങ്ങോടുമലയിൽ പത്തനംതിട്ട ആസ്ഥാനമായ ഡെൽറ്റ തോമസ് ഇൻഫ്രാസ്ട്രക്ചർ (പ്രൈ) ലിമിറ്റഡ് എന്ന കമ്പനി വാങ്ങിക്കൂട്ടിയ നൂറോളം ഏക്കർ ഭൂമിയിൽ നിന്നും ക്വാറിയും ക്രഷറും സ്ഥാപിച്ച് വൻതോതിൽ പാറ പൊട്ടിക്കാനുള്ള നീക്കം ഇതിനകം തന്നെ വലിയ വിവാദങ്ങൾക്ക് ഇടയാക്കിയിരിക്കുകയാണ്. ഒട്ടേറെ ജനവാസ ദുരിതങ്ങൾക്കും പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്കും ഇടയാക്കുന്ന ചെങ്ങോടുമലയിലെ പാറപൊട്ടിക്കലിനെതിരെ വലിയ തോതിൽ ജനകീയ പ്രതിരോധം ശക്തിപ്പെടുകയാണ്. കക്ഷിരാഷ്ട്രീയ ഭേദമെന്യേ ജനങ്ങൾ നടത്തുന്ന പ്രതിരോധങ്ങളേയും പ്രതിഷേധങ്ങളേയും കണ്ടില്ലെന്നു നടിച്ചാണ് കമ്പനി അധികൃതർ ഇപ്പോഴും പ്രവർത്തിക്കുന്നത്.

ക്വാറി ഉയർത്തുന്ന പ്രശ്നങ്ങളെ അതീവ ലളിതവത്ക്കരിച്ചു കൊണ്ടും കണ്ണിൽ പൊടിയിടാനുള്ള ചില മലർപ്പൊടികളെ പർവതീകരിച്ചുകൊണ്ടും ഉള്ള പ്രചാരണങ്ങൾ കമ്പനി അധികൃതർ നടത്തി വരികയാണ്. ഇതിന്റെ ഭാഗമായിട്ടാവാം ഈയിടെ കമ്പനിവക ഒരു വാർത്താപത്രം എല്ലാ വീടുകളിലും എത്തിച്ചിരുന്നു. അതിൽ "അശാസ്ത്രീയവാദങ്ങൾ സമൂഹത്തോടുള്ള വെല്ലുവിളി" എന്ന മുഖക്കുറിപ്പിലൂടെ അധികൃതർ നൽകുന്ന "ശാസ്ത്രീയ വിശദീകരണം" തന്നെ ജനങ്ങൾക്കു നേരെയുള്ള ഒരുതരം പുച്ഛം കലർന്ന വെല്ലുവിളിയാണ്. അതിൽ ഇങ്ങനെ പറയുന്നു: ഓരോ വീട്ടിലും ഒരു രോഗി വീതം ഉള്ളതിനാൽ നല്ല റോഡു വേണം. ഇവരുടെ ഡൽറ്റാ ഗ്രൂപ്പ് കമ്പനി ഉണ്ടായതുതന്നെ കേരളത്തിൽ നിന്ന് ജനങ്ങൾ തൊഴിൽതേടി പുറത്തു പോകുന്നതു കുറയ്ക്കാനും അവർക്കൊക്കെ നാട്ടിൽ തൊഴിൽ നൽകാനുമാണ്. അതിനായി കമ്പനി "സൗകര്യവികസന"(?) രംഗം തെരഞ്ഞെടുത്തിരിക്കുന്നു. ഒട്ടേറെ സാമൂഹ്യ പ്രവർത്തനം നടത്തുന്ന ഇവർ കോട്ടൂരിനെ സമഗ്രവികസനം വഴി ഒരു ടൗൺഷിപ്പ് ആക്കി മാറ്റുമത്രെ. അതിനായി ഇവിടെയുള്ള ഭൂവിഭവങ്ങൾ ഖനനം ചെയ്ത് വിൽക്കണം. ഇതിനെതിരായി ജനങ്ങൾ നടത്തുന്നതെല്ലാം അശാസ്ത്രീയം ആയതാണ്. ചുരുക്കത്തിൽ, കേരളം നേരിടുന്ന വികസന പ്രശ്നങ്ങളെല്ലാം ഇന്നാട്ടിലെ പാറ പൊട്ടിച്ച് വിറ്റു പരിഹരിക്കാൻ കഴിയുമെന്ന ഒരുതരം വെല്ലുവിളിയാണ് ഇക്കൂട്ടർ നടത്തിക്കൊണ്ടിരിക്കുന്നത്.

പ്രദേശത്തിന്റെ സമഗ്രവികസനത്തെ മുൻനിർത്തി മഞ്ഞൾകൃഷി, ജൈവകൃഷി, മരംനടൽ എന്നിവയൊക്കെ നടപ്പാക്കുമെന്നാണു വാദം. എന്നാൽ, ചെങ്ങോടുമലയിൽ 41 ലക്ഷം ടൺ പാറ ഉണ്ടെന്നും അതിൽ അഞ്ചുകൊല്ലം കൊണ്ട് 12 ലക്ഷം ടൺ പാറ പൊട്ടിച്ചെടുക്കുമെന്നും ഇതുവഴി 45 പേർക്ക് തൊഴിൽ നൽകാമെന്നും കമ്പനി സർക്കാരിൽ അനുമതിക്കായി നൽകിയ രേഖയിൽ (പേജ് 16, 20) സൂചിപ്പിക്കുന്നു. ഒപ്പം തന്നെ 3എസ്കവേറ്റർ, 7 ടിപ്പർ, 12 പാറ പൊളിക്കൽ യന്ത്രം എന്നിവ തുടക്കത്തിലും പിന്നീട് അവ വർധിപ്പിക്കുമെന്നും അങ്ങനെ 12 വർഷം ക്വാറി പ്രവർത്തിപ്പിച്ച് 28.63 ലക്ഷം ടൺ പാറ പൊട്ടിച്ചെടുക്കുമെന്നും മൈനിംഗ് പ്ലാനിൽ പറയുന്നു. ചെങ്ങോടുമലയിൽ ഖനനം നടത്തുമ്പോൾ പൊടി ശല്യമുണ്ടാവില്ലെന്നും വെള്ളത്തിന്റെ സാന്നിധ്യമില്ല പാറ മാത്രമേയുള്ളൂ എന്നു മാണ് പ്രസ്തുത രേഖയിലെ മറ്റൊരു വാദം. ചെങ്ങോടുമലയ്ക്ക് ഏറ്റവും അടുത്ത വിദ്യാലയം അഞ്ച് കിലോമീറ്റർ അകലെയുള്ള നൊച്ചാട് ഹയർ സെക്കന്ററി സ്കൂളും ഏറ്റവും അടുത്ത ആശുപത്രി എട്ടു കിലോമീറ്റർ അകലെയുള്ള ബാലുശ്ശേരി ഗവ. ആശുപ-

ത്രിയുമാണെന്നാണ് അവരുടെ രേഖയിൽ പറയുന്നത്. ഒരു കിലോമീറ്റർ ചുറ്റളവിനുള്ളിൽ കോട്ടൂർ പഞ്ചായത്തിൽ തന്നെയുള്ള കോളിക്കടവ് എംസിഎൽപി സ്കൂൾ, അവിടനല്ലൂർ ഏ എൽ പി സ്കൂൾ, അവിടനല്ലൂർ ഗവ. ഹയർ സെക്കന്ററി സ്കൂൾ, നരയംകുളം ഏയുപി സ്കൂൾ, കോട്ടൂർ പ്രാഥമികാരോഗ്യ കേന്ദ്രം എന്നിവയൊന്നും അവരുടെ കണക്കിലില്ല.

പാറ പൊട്ടിച്ചെടുക്കാനായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നുള്ള അനുമതി ഒരൊറ്റ ദിവസം കൊണ്ടാണ് കമ്പനി നേടിയെടുത്തത്! 2017 സപ്തംബർ 25നു നൽകിയ അപേക്ഷയിൽ പിറ്റേന്ന് സപ്തംബർ 26 നുതന്നെ DOZ/M – 1808/17 നമ്പറിലുള്ള അനുമതി കിട്ടി !! അതിൽ കൃത്യമായി യാതൊരു നിബന്ധനയും വെക്കാതെ അഴകൊഴമ്പൻ രൂപത്തിൽ ചില കാര്യങ്ങൾ പറയുകയാണ് ചെയ്തത്. അവ ഇപ്രകാരമാണ്.

1. സർക്കാർ നിയമങ്ങൾ പാലിക്കണം.
2. ഖനന സുരക്ഷ പാലിക്കണം.
3. പൊട്ടിച്ച പാറ സൂക്ഷിക്കാൻ സ്ഥലം വേണം.
4. മരം വെച്ചു പിടിപ്പിക്കണം.
5. തൊഴിലാളികൾക്ക് താമസിക്കാൻ വീട് ഉണ്ടാവണം; എന്നിങ്ങനെ.

ഇതിൽ പറഞ്ഞ നിബന്ധനകൾ ഒന്നുപോലും നടപ്പാക്കിയില്ലെങ്കിലും കമ്പനിക്കെതിരെ നിയമപരമായി യാതൊന്നും ചെയ്യാൻ കഴിയാത്ത പാകത്തിലാണ് ജില്ലാ ഓഫീസറുടെ ഏസ്വമായ ഉത്തരവ്.

ഇതിനിടെ നാട്ടുകാർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ കലക്ടറുടെ നിർദ്ദേശമനുസരിച്ച് 2017 ഡിസംബറിൽ അസിസ്റ്റന്റ് കലക്ടർ സ്ഥലം സന്ദർശിക്കു കയും താഴെപ്പറയുന്ന അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിരുന്നു.

1. മലയുടെ എല്ലാ ഭാഗത്തേക്കും റോഡ് എത്തിക്കുന്നതിനു വേണ്ടി പാറ പൊട്ടിച്ചു തുടങ്ങിയിട്ടുണ്ട്.
2. പ്രദേശത്തെ ഗ്രാമ പഞ്ചായത്തിൽ നിന്നും ഇതു സംബന്ധിച്ച് അനുമതിയൊന്നും വാങ്ങിയിട്ടില്ല
3. ചെങ്ങോട്ടുമല ഒരു പരിസ്ഥിതി ദുർബല പ്രദേശമാണ്.
4. ഇവിടെ നടത്തുന്ന ഏതൊരു ഖനനവും സ്വാഭാവിക പ്രകൃതി സന്തുലനാവസ്ഥയെ ബാധിക്കും.
5. അതിനാൽ ഏറെ ശ്രദ്ധിക്കണം; വളരെ വിശദവും ശാസ്ത്രീയവുമായ പരിസ്ഥിതി ആഘാത പത്രിക തയ്യാറാക്കണം.

എന്നാൽ ഇതൊന്നും കണക്കിലെടുക്കാതെയാണ് പാറമടക്കമ്പനിക്കാർ ഒരു വെല്ലുവിളിയെ ന്നോണം വീടുവീടാന്തരം വാർത്താപത്രം വഴി തികച്ചുംതെറ്റായ പ്രചാരണം നടത്തിക്കൊണ്ടിരിക്കുന്നത്. മാത്രമല്ല സപ്തംബർ മാസത്തിൽ ഖനന അനുമതി ലഭിച്ച കാര്യം മറച്ചുവെച്ചു കൊണ്ട് കമ്പനി ഡിസംബർ മാസത്തിൽ പുറത്തിറക്കിയ നോട്ടീസിൽ പറഞ്ഞത് മഞ്ഞൾ കൃഷിയല്ലാതെ ഞങ്ങൾക്ക് ഇവിടെ മറ്റൊരുദ്ദേശ്യവും ഇല്ലെന്നും യാതൊരുവിധ ഖനന അനുമതിക്കും അപേക്ഷിക്കുകപോലും ചെയ്തിട്ടില്ല എന്നുമാണ്. എന്നാൽ പിന്നീടിറക്കിയ പത്രത്തിൽ 12 ഏക്കർ പാറ പൊട്ടിക്കാൻ പോകുന്ന കാര്യം സമ്മതിക്കുന്നു. അപ്പോൾ ആദ്യം പറഞ്ഞത് പച്ചക്കള്ളമായിരുന്നു എന്ന് പ്രത്യേകം

പറയേണ്ടതില്ലല്ലോ.

കേരളത്തിന്റെ പരിസ്ഥിതിയും വികസനവും സംബന്ധിച്ച ചർച്ചകളിൽ കഴിഞ്ഞ അര നൂറ്റാണ്ടായി സജീവമായി ഇടപെട്ടു വരുന്നതിന്റെ അനുഭവമുള്ള സംഘടനയാണ് കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്. ഈ അനുഭവ പശ്ചാത്തലത്തിൽ എത്തിച്ചേർന്ന നിഗമനം, കേരളത്തിൽ ഭൂവിഭവങ്ങളുടെ ഖനനം സാമൂഹ്യ നിയന്ത്രണത്തിൽ മാത്രമേ പാടുള്ളൂ എന്നതാണ്. ഇതിന്റെ ഭാഗമായി ഖനിജങ്ങളെ പൊതുസ്വത്തായി പ്രഖ്യാപിക്കണമെന്ന് പരിഷത്ത് ആവശ്യപ്പെടുകയാണ്. മണ്ണും വെള്ളവും മനുഷ്യാധ്വാനവുമാണ് ഒരു നാട്ടിലെ അടിസ്ഥാന വിഭവങ്ങൾ. ഇതിൽ ജലസ്രോതസ്സ കളായ തോടുകൾ, നദികൾ, സമുദ്രങ്ങൾ എന്നിവയൊക്കെ ഇപ്പോൾതന്നെ പൊതു ഉടമസ്ഥതയി ലാണ്. നിശ്ചിത വിസ്തീർണമുള്ള കുളങ്ങളും മറ്റു ജലസ്രോതസ്സുകളും പൊതു ഉടമസ്ഥതയിൽ വരണം. അതേപോലെ മണ്ണിനടിയിലെ ഭൂവിഭവങ്ങളും പൂർണമായി പൊതു ഉടമസ്ഥതയിൽ ആയിരിക്കണം. ഇതിനനുസൃതമായി ഭൂമി എങ്ങനെയാണ് ഉപയോഗിക്കേണ്ടതെന്ന കാര്യം ജനാധിപത്യപരമായും സാമൂഹ്യമായും തീരുമാനിക്കേണ്ടതാണ്. ഭൂമിയിൽ സ്വകാര്യ ഉടമസ്ഥത നിലനിർത്തുമ്പോൾ തന്നെ അതിന്റെ ഉപയോഗം ഏതുരീതിയിൽ വേണമെന്നത് സാമൂഹ്യമായിട്ടായിരിക്കണം തീരുമാനിക്കേ ണ്ടത്. ഏതൊരു പരിഷ്കൃത സമൂഹത്തിലും ഭൂ ഉപയോഗത്തിന് കൃത്യമായ വ്യവസ്ഥകളുണ്ട്. ഗൾഫ് രാജ്യങ്ങളിൽപോലും ഭൂ ഉപയോഗം തീരുമാനിക്കുന്നത് സർക്കാർ ആണ്. ഇന്ത്യയിൽ പല സംസ്ഥാന ങ്ങളിലും തീരാധാരം രജിസ്റ്റർ ചെയ്യുമ്പോൾതന്നെ ഭൂ ഉപയോഗം ഏതു രീതിയിലായിരിക്കും എന്നത് അതിൽ വ്യക്തമാക്കേണ്ടതുണ്ട്. അതാണ് ശാസ്ത്രീയ ഭൂ ഉപയോഗ രീതിയുടെ അടിസ്ഥാനം. അതാണ് പരിഷത്ത് 'ഭൂമി പൊതുസ്വത്ത്' എന്ന മുദ്രാവാക്യം സ്വീകരിച്ച് പ്രവർത്തിക്കുന്നതിന്റെ കാരണം. അല്ലാതെ പാറമടക്കാർ കരുതുന്നതുപോലെ യഥേഷ്ടം സ്വകാര്യ കമ്പനികൾക്ക് കുഴിച്ചു മറിക്കാനും ലാഭമുണ്ടാക്കാനുമുള്ള കുടുംബസ്വത്തല്ല, പ്രകൃതി കനിഞ്ഞ് തന്നിരിക്കുന്ന നമ്മുടെ ഭൂവിഭവങ്ങൾ എന്ന കാര്യം ഓർക്കേണ്ടിയിരിക്കുന്നു. അവ നമ്മുടെ അടിസ്ഥാന ജീവനോപാധികളാണ് എന്ന തിരിച്ചറിവു ണ്ടാകണം.

കേരളത്തിന്റെ വികസന പ്രതിസന്ധികൾക്ക് അടിസ്ഥാനം രണ്ടാണ് – സാമ്പത്തികവും പാരിസ്ഥിതികവും. കാർഷിക തകർച്ച, അനുയോജ്യ വ്യവസായവത്ക്കരണത്തിന്റെ അഭാവം, അതുകൊണ്ട് അഭ്യസ്തവിദ്യർ അനുഭവിക്കുന്ന തൊഴിലില്ലായ്മ എന്നിവയാണ് സാമ്പത്തിക പ്രതിസന്ധിയുടെ പ്രധാന കാരണം. അവിടേയും അശാസ്ത്രീയമായ ഭൂ ഉപയോഗം ഒരു ഘടകമാണ്. പശ്ചിമഘട്ടത്തിന്റേയും ജലസ്രോതസ്സുകളുടേയും ഇടനാട്ടിലെ കുന്നുകളുടേയും തകർച്ചയാണ് പരിസ്ഥിതി പ്രതിസന്ധിക്കടിസ്ഥാനം. ഇതിൽ ഏറ്റവും പ്രധാനകാരണം പാറമടകളാണ്. ഏതാണ്ട് 11000 ത്തിൽപ്പരം പാറമടകൾ പ്രവർത്തിക്കുന്ന ഈ കൊച്ചുകേരളത്തിൽ വളരെ ചുരുങ്ങിയ എണ്ണത്തിനു മാത്രമേ ലൈസൻസുള്ളൂ. ബാക്കിയെല്ലാം വ്യാജങ്ങളാണ്. കേരളത്തെ തുരന്നു തിന്നുന്ന ഈ അനധി കൃത പാറമടകളാണ് ഇന്ന് ഈ നാടിന്റെ പ്രധാനശാപം. അതിനാൽ നമ്മുടെ നാട്ടിലും ഇത്തരം ഒരെണ്ണം ജനങ്ങളെ കബളിപ്പിച്ച് ഉണ്ടാക്കുന്നതിനെ ശക്തമായി പ്രതിരോധിക്കേണ്ടിയിരിക്കുന്നു.

നിർമാണ വസ്തുക്കൾക്ക് ദൗര്‍ലഭ്യം ഉണ്ടെന്നത് കേരളത്തിൽ ഒരു പ്രധാന

പ്രശ്നമാണെന്ന് ഞങ്ങൾ തിരിച്ചറിയുന്നു. അതിന്റെ പ്രധാന കാരണം ഇന്നത്തെ അനിയന്ത്രിത നിർമാണരീതി തന്നെയാണ്. കേരളത്തിൽ ഇന്ന് 11 ലക്ഷത്തോളം വീടുകൾ അധികമാണ് (മിച്ചവീടുകൾ). അതേസമയം വാസയോഗ്യമായ വീടില്ലാത്ത ദരിദ്ര കുടുംബങ്ങൾ ഏതാണ്ട് രണ്ടുലക്ഷത്തോളം വരുമത്രേ. പാറമടക്കാർ ലക്ഷ്യമാക്കുന്നത് ഈ രണ്ടുലക്ഷം ദരിദ്രകുടുംബങ്ങളെയല്ല. വീണ്ടും വീണ്ടും കച്ചവടത്തിനായുള്ള മിച്ചവീടുകൾ സൃഷ്ടിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങളെയാണ്. കച്ചവട കെട്ടിട നിർമാണത്തെ പ്രതിനിധാനം ചെയ്യുന്ന "റിയൽ എസ്റ്റേറ്റ്" ഇന്നൊരു വൻ വ്യവസായമാണ്. ആ രംഗത്തേക്കു വേണ്ട സിമന്റ്, കമ്പി, പെയിന്റ്, ടൈൽ, ഷീറ്റ് എന്നിവയൊക്കെ അന്യസംസ്ഥാന ങ്ങളിലാണ് ഉണ്ടാക്കുന്നത്. നാടിന്റെ വികസനം ആഗ്രഹിക്കുന്ന ഒരാൾ പോലും ഇത്തരം നിർമാണ സാമഗ്രികൾ ഉണ്ടാക്കുന്ന ഒരു വ്യവസായവും ഇവിടെ ആരംഭിക്കുന്നില്ല. കേരളത്തിൽ നിന്ന് ഉപയോഗിക്കുന്നത് പ്രധാന പ്രകൃതി വിഭവങ്ങളായ മണ്ണ്, കല്ല്, പാറ, മണൽ വെള്ളം തുടങ്ങിയവ മാത്രമാണ്. മനുഷ്യാധ്വാനവും അന്യസംസ്ഥാനങ്ങളിൽ നിന്നാണ്. അതായത് പ്രകൃത്യാ കിട്ടുന്ന വിഭവങ്ങൾ ചുളുവിലയിൽ സംഘടിപ്പിച്ച് കൊള്ളയടിക്കാൻ മാത്രമാണ് പാറമടക്കാർ ആഗ്രഹിക്കുന്നത്. ഇത് ഇന്നത്തെ നവലിബറൽ കാലത്ത് ശക്തിപ്പെടുന്ന ചങ്ങാത്ത മുതലാളിത്തത്തിന്റേയും വളരെ പ്രാകൃതമായ രീതിയിൽ ലാഭം അടിച്ചെടുക്കുന്നതിന്റേയും ഭാഗമായി മാത്രമേ കാണാൻ കഴിയൂ.

കമ്പനിയുടെ വ്യാജപ്രചരണത്തിന്റെ ഭാഗമെന്നോണം ഇപ്പോൾ സാധാരണക്കാ-രായ നാട്ടുകാരെ പ്രത്യേകിച്ചും ദരിദ്ര തൊഴിലാളികളെ തൊഴിലിന്റെ കാര്യം പറഞ്ഞ് മോഹിപ്പിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. കമ്പനി പാറപൊട്ടിക്കൽ വഴി 45 പേർക്കുള്ള തൊഴിലേ ഉറപ്പാക്കുന്നുള്ളൂ. തങ്ങൾ അടിച്ചെടുക്കാൻ പോകുന്ന കോടിക്കണക്കിന് രൂപയുടെ ലാഭത്തിൽ ഒരു ചെറു വിഹിതം കൂലിയായി നൽകി, തൊഴിൽ ദാനത്തിന്റെ മഹത്വം പ്രചരിപ്പിച്ച് ജനങ്ങളെ വഞ്ചിക്കുകയാണ്. ഖനനത്തിനു മറയിടുന്നതിനായി തത്ക്കാലം പറയുന്ന മഞ്ഞൾകൃഷിയുടെ പേരിലായാലും സ്ഥിരം ജോലി കിട്ടണമെങ്കിൽ ചെങ്ങോട്ടുമല ഇന്നത്തെ പോലെ തന്നെ നിലനിൽക്കണമെന്ന തിരിച്ചറിവ് എല്ലാവർക്കും ഉണ്ടാവേണ്ടതുണ്ട്. അവസാനം കിടന്നുറങ്ങുന്ന കിടപ്പാടം വരെ തകർത്തും കുടിവെള്ളം ഇല്ലാതാക്കിയും ഈ കമ്പനി ജനങ്ങളെ കൊഞ്ഞനംകുത്തി കാറിൽ പറന്ന് പോകുന്ന ദൃശ്യമായിരിക്കും നാട്ടുകാർക്ക് കാണേണ്ടിവരിക. സന്തോഷത്തോടെയും സൗഹൃദത്തോ-ടെയും കഴിഞ്ഞു പോരുന്ന നാട്ടുകാരെ തമ്മിൽ തെറ്റിക്കാനും പ്രതിഷേധിക്കുന്നവരെ അടിച്ചൊതുക്കാനും അവർക്കെതിരെ കള്ളക്കേസുകൾ എടുക്കാനുമുള്ള ബോധപൂർവ്വമായ ശ്രമങ്ങളും തുടങ്ങിയിരിക്കുന്നു.

ചെങ്ങോട്ടുമലയുടെ സംരക്ഷണത്തിനുവേണ്ടി വാദിക്കുന്നവർക്കെതിരെ കമ്പനി വക്താക്കളും അവർക്കായി പ്രചരണം നടത്തുന്നവരും പറയുന്നത് പലരും കരിങ്കല്ല് ഉപയോഗിച്ച് വീടിന്റെ തറകെട്ടുന്നതിനേയും റോഡുണ്ടാക്കുന്നതിനേയും മുറ്റത്ത് കല്ലിടുന്നതിനെയും മറ്റും ചൂണ്ടിക്കാട്ടിയാണ്. ഞങ്ങൾ പാറ പൊട്ടിക്കുന്നതിനോ കരിങ്കല്ല് ഉപയോഗിക്കുന്നതിനോ എതിരല്ല; ജീവനും പരിസ്ഥിതിക്കും പ്രത്യാഘാതങ്ങൾ ഇല്ലാതെ പാറ പൊട്ടിക്കുന്നതിനും പ്രാദേശികമായി ഉപയോഗിക്കുന്നതിനും ആരും എതിരു പറഞ്ഞിട്ടില്ല. നൂറുകണക്കിന് കിലോമീറ്റർ അകലെനിന്നും പ്രത്യക്ഷപ്പെട്ട റിയൽ എസ്റ്റേറ്റ് മാഫിയാ

സംഘത്തെ സഹായിക്കാനും, അതുവഴി ലാഭം അടിച്ചെടു ക്കാനും വേണ്ടി ചെങ്ങോട്ടുമലയെ യാതൊരു പാരിസ്ഥിതിക പരിഗണനയും കൂടാതെ വൻയന്ത്രങ്ങൾ വെച്ച് ആഴ്ച്ചകൾ കൊണ്ട് തകർക്കുകയും കോട്ടൂരിലെ ഈയൊരു ഭൂപ്രദേശത്തെ തന്നെ ഇല്ലാതാക്കു കയും ചെയ്യുന്നതിനെയാണ് ഞങ്ങൾ എതിർക്കുന്നത്. ശാസ്ത്രീയമായി മറിച്ചൊരു തെളിവ് ലഭ്യമാകു ന്നതുവരെ ഞങ്ങളുടെ എതിർപ്പ് തുടരുകയും ചെയ്യും.

കോട്ടൂർ ഗ്രാമ പഞ്ചായത്തിലെ 1, 2, 4, 16, 17വാർഡുകളും കായണ്ണ ഗ്രാമ പഞ്ചായത്തിലെ പാറച്ചോട്ടിൽ പ്രദേശവും നൊച്ചാട് പഞ്ചായത്തിലെ തിരുവോട്ടുകണ്ടി, പുളിയോട്ടുമുക്ക് പ്രദേശവും ഉൾക്കൊള്ളുന്നതാണ് കൂട്ടാലിട ടൗൺ മുതൽ പുളിയോട്ടുമുക്കുവരെ ഏകദേശം ആറു കിലോമീറ്റർ നീളത്തിലും പരമാവധി രണ്ടു കിലോമീറ്റർ വീതിയിലും നീണ്ടുകിടക്കുന്ന ചെങ്ങോട്ടുമല. രണ്ടാം വാർഡിലെ കല്പകശ്ശേരി, പുളിയാംപോയിൽ, കന്നിപ്പോയിൽ എന്നീ സ്ഥലങ്ങളിൽ നിന്നും ഏകദേശം രണ്ടു കിലോമീറ്റർ അകലത്തിലുള്ള ഭാഗത്താണ് ഇപ്പോൾ ക്വാറിയും ക്രഷറും ആരംഭിക്കാൻ ഡൽറ്റ ഗ്രൂപ്പ് പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുള്ളത്.

കുറ്റ്യാടി പുഴയുടേയും മഞ്ഞപ്പുഴയുടേയും പോഷകങ്ങളായ കോട്ടൂർ പഞ്ചായത്തിലെ പാത്തിപ്പാറ നീർത്തടം, കുന്നിക്കൂട്ടം നീർത്തടം, തൃക്കുറ്റിശ്ശേരി നീർത്തടം, കായണ്ണ, നൊച്ചാട് പഞ്ചായത്തുകളിലെ കരുവണ്ണൂർ നീർത്തടം എന്നിവയുടെ പ്രധാന വൃഷ്ടിപ്രദേശമാണ് ചെങ്ങോട്ടുമല. ധാരാളം സസ്യജാല ങ്ങളുടേയും വംശനാശ ഭീഷണി നേരിടുന്ന മലമുഴക്കി വേഴാമ്പൽ അടക്കമുള്ള നൂറുകണക്കിനു പക്ഷിമൃഗാദികളുടേയും ആവാസ മേഖലയായ ഇവിടെ മുമ്പ് നരി, കുരങ്ങ്, കാട്ടാട്, മലയണ്ണാൻ, പാറാടൻ, കള്ളുണ്ണി, കീരി, ഉടുമ്പ്, മുള്ളൻപന്നി തുടങ്ങിയ മൃഗങ്ങളും കാട്ടുകോഴി, ചെമ്പോത്ത്, കുയിൽ, മഞ്ഞക്കിളി, ചവേലാച്ചി, അടയ്ക്കാക്കിളി, മൂങ്ങ, പരുന്ത്, നത്ത് തുടങ്ങിയ പക്ഷികളും ധാരാളമായി ഉണ്ടായിരുന്നു. മനുഷ്യന്റെ കടന്നു കയറ്റവും വൻമരങ്ങളുടെ നാശവും കാലാവസ്ഥാ വ്യതിയാനവും മൂലം ഇവയിൽ മിക്ക ഇനങ്ങളും ഇന്ന് ഇല്ലാതായിരിക്കുകയാണ്. ഇത് മുള്ളൻപന്നി, കീരി, ഉടുമ്പ് എന്നിവയുടെ പെരുകലിനും മയിൽ തുടങ്ങിയ പക്ഷികളുടെ ചേക്കേറലിനും ഇടയാക്കിയിട്ടുമുണ്ട്.

ചെങ്ങോട്ടുമലയുടെ ആറു കിലോമീറ്റർ ദൈർഘ്യത്തിൽ ഇപ്പോഴും നിത്യഹരിത വനങ്ങളുടെ ഭാഗമായ അയനി, വെണ്ടേക്ക്, ഇരുൾ, മരുത്, തേക്ക്, വീട്ടി, അകിൽചന്ദനം, തുടങ്ങിയ വൻ വൃക്ഷങ്ങളും തെങ്ങ്, കവുങ്ങ്, പിലാവ്, മാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും ഇടതൂർന്ന് സ്ഥിതി ചെയ്യുന്നു. കയ്യുള, ചടച്ചിൽ, വേങ്ങ തുടങ്ങിയ മരങ്ങൾ വേനൽക്കാലത്തും ഹരിതാഭമായി വളരുന്നു. നാമാവശേഷമായി കൊണ്ടിരിക്കുന്ന നന്നാറി (നറുനീണ്ടിക്കി–ഴങ്ങ് ), അവിൽപ്പൊരി, നീർമരുത്, ചെറൂള, കൂവളം, തഴുതാമ, പെരുങ്കുറുമ്പ, പാടക്കിഴങ്ങ്, കാട്ടലോടകം, കുടകപ്പാല, ഏഴിലംപാല, കമ്പിപ്പാല തുടങ്ങി ഒട്ടനവധി ഔഷധസസ്യങ്ങളുടെ അപൂർവ്വ കലവറ കൂടിയാണ് ഈ മല. തൊട്ടുകിടക്കുന്ന ഈർപ്പമുള്ള വയൽപ്രദേശങ്ങളിൽ കീഴാർനെല്ലി, മുത്തിൾ, കഞ്ഞുണ്ണി, മണിത്തുമ്പ എന്നിവയും വളരുന്നു.

ഒരു മീറ്റർ മുതൽ പത്തുമീറ്റർ വരെ കനത്തിലുള്ള ഫലഭൂയിഷ്ഠമായ കറുത്ത മണ്ണാണ് ഈ മലയുടെ ജൈവസമ്പന്നതയ്ക്ക് അടിസ്ഥാനം. പെയ്യുന്ന മഴവെള്ളം മുഴുവൻ ഇവിടെ ആഗിരണം ചെയ്യപ്പെടുന്നതിനാലാണ് മലയടിവാരങ്ങളിൽ വേനൽക്കാലത്തും ജലം ലഭിക്കുന്നത്. ഈ മണ്ണ് നീക്കം ചെയ്ത് പാറഖനനം നടത്തുന്നത് കൊടുംവരൾച്ചയെ

വരവേൽക്കലായിരിക്കും. ഈ മലയുടെ കിഴക്കും പടിഞ്ഞാറും പ്രദേശങ്ങളിൽ ഒട്ടനവധി പ്രകൃതിദത്തമായ നീരുറവകളുണ്ട്. പൂതയിൽ മീത്തൽ, കള്ളാത്തറ, പൂവത്തുംചോല, പുളിയാം-പോയിൽ, ചെന്നാട്ടുകുഴി, മുട്ടമ്മൽമീത്തൽ, അരയമ്മാട്ട്, വേയാപ്പാറ എന്നിവിടങ്ങളിലെല്ലാം ഈ സ്വാഭാവിക നീരുറവകൾ കാണാം. ആദിവാസി വിഭാഗത്തിൽപെട്ട കരിമ്പാല സമുദായക്കാരുടെ ഈ പഞ്ചായത്തിലെ മുഖ്യ ആവാസകേന്ദ്രവും ഈ മലയിലാണ്. ഇവരടക്കം ധാരാളം വീട്ടുകാർ മുളംപാത്തികളും പിവിസി ഹോസുകളും ഉപയോഗിച്ച് ഈ മലയിൽ നിന്നും ജല ശേഖരണം നടത്തുന്നുണ്ട്. കുടിവെള്ള സ്രോതസ്സുകളായ ഒട്ടനവധി കിണറുകളും ഈ മലയിലുണ്ട്. കോട്ടൂർ ഗ്രാമ പഞ്ചായത്തിലെ 1, 2, 3, 4, 16, 17 വാർഡുകളിൽ സ്ഥിതി ചെയ്യുന്ന പൊന്നിറങ്ങിയിൽ താഴെ, എരഞ്ഞോളിയിൽ താഴെ, തച്ചറോത്തുതാഴെ, വെങ്ങപ്പറ്റത്താഴെ, വരിക്കാം മാക്കൂൽ, അരീക്കാലയിൽ, പുത്തുക്കുന്നുമ്മൽ, കള്ളാത്തറ, ചെങ്ങോട് തുടങ്ങിയ കുടിവെള്ള പദ്ധതി യുടെയെല്ലാം ജലസ്രോതസ്സ് ഈ മലയാണ്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാൽജലം ലഭിക്കാത്തതും വേനലിൽ കൊടും വരൾച്ച നേരിടുന്നതുമായ ചെടിക്കുളം കോളിക്കടവ് മുതൽ അരട്ടൻകണ്ടിപാറ വരെയുള്ള 2, 3, 4 വാർഡുകളിൽപെട്ട പ്രദേശങ്ങൾക്ക് ഏക ആശ്രയവുമാണ് ഈ മല. അതീവ പരിസ്ഥിതി ലോലപ്രദേശമായ ഈ മലയിൽ നടക്കുന്ന ഏതൊരുവിധ ഖനനവും ഇപ്പോൾ ഇവിടെ അവശേഷിക്കുന്ന പരിമിതമായ ജലസ്രോതസ്സുകളെയും നശിപ്പിക്കും.

ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിൽ പെടുത്തി ലക്ഷങ്ങൾ മുടക്കി നിർമിച്ച കുടിവെള്ള സംഭരണ ടാങ്ക് ആസൂത്രിതമായി തകർത്ത സംഭവം മാഫിയകളുടെ തനിനിറമാണ് വെളിവാക്കുന്നത്. കുടിവെള്ളടാങ്ക് നിർമിച്ച സ്ഥലം സർക്കാറിലേക്ക് റിലിങ്ക്വിഷ് ചെയ്ത കാര്യം മറച്ചുവെച്ച് മറ്റുസ്ഥലത്തോടൊപ്പം കൈക്കലാക്കുകയായിരുന്നു. അതവിടെ നിലനിന്നാൽ ക്വാറി തുടങ്ങാൻ പറ്റില്ല എന്നതിനാലാണ് ആദ്യം ടാങ്ക് തകർത്ത് ഷെഡ് ആക്കി മാറ്റിയതും പിന്നീട് ജനരോഷമുയർന്നപ്പോൾ പൂർണമായി നശിപ്പിച്ചതും. ടാങ്ക് തകർത്തുണ്ടാക്കിയ ഷെഡിന് ഗ്രാമ പഞ്ചായത്തിൽ നിന്നും കെട്ടിടനമ്പർ (4/484 A) സംഘടിപ്പിച്ചു എന്നതാണ് അതിലും വിചിത്രമായ കാര്യം. ഇതിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ ജാഗ്രതക്കുറവും പൊതുമുതൽ നശിപ്പിച്ചതിനെ തിരെ നിയമനടപടി സ്വീകരിക്കുന്നതിൽ വന്ന കാലതാമസവും നീതീകരിക്കാവുന്നതല്ല.

ഇന്ന് കേരളം ഭരിക്കുന്ന ഇടതു ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നത് പരിസ്ഥിതി വികസന സന്തുലനം ആഗ്രഹിക്കുന്ന ഏതൊരാൾക്കും ആവേശം പകരുന്ന വാഗ്ദാനങ്ങ ളോടു കൂടിയ ഒരു തെരഞ്ഞെടുപ്പു മാനിഫെസ്റ്റോയെ മുൻനിർത്തിയാണ്. അതിൽ പരിസ്ഥിതിയുമായി ബന്ധപ്പെട്ട ഭാഗത്ത് ഇങ്ങനെ പറയുന്നു.

1. (നമ്പർ 76) ശാസ്ത്രീയമായ പഠനത്തിന്റേയും സാമൂഹ്യ നിയന്ത്രണത്തിന്റേയും അടിസ്ഥാനത്തിൽ മാത്രമേ പാറ, മണൽ ഖനനം നടത്താൻ അനുമതി നൽകൂ.

2.(നമ്പർ77) കേരളത്തിന്റെ ഖനിജങ്ങൾ പൊതു ഉടമസ്ഥതയിലാക്കുകയും ഖനനത്തിന് ശക്തമായ സാമൂഹ്യ നിയന്ത്രണം കൊണ്ടു വരികയും ചെയ്യും.

ഇതിനുപുറമെ പരിസ്ഥിതി ധവളപത്രം, നെൽ വയൽ തണ്ണീർത്തട സംരക്ഷണം, പശ്ചിമഘട്ട സംരക്ഷണം, ജലമലിനീകരണ നിയന്ത്രണം, വനം കയ്യേറ്റ നിരോധനം എന്നിവയെപ്പറ്റിയും തുടർന്ന് പ്രതിപാദിക്കുന്നുണ്ട്. ഈ വാഗ്ദാനങ്ങളിൽ നിന്നുകൊ-

ണ്ടുള്ള ശക്തമായ നടപടികളാണ് സർക്കാരിൽ നിന്നും ജനങ്ങൾ പ്രതീക്ഷിക്കുന്നത്. അല്ലാതെയുള്ള ഏതൊരു നീക്കവും ഇത്തരം നിക്ഷിപ്ത താല്പര്യ ക്കാർക്ക് പിൻബലമായി മാറും. അതുകൊണ്ടു തന്നെ നിയമങ്ങൾ കർശനമായി പാലിക്കാനുള്ള സർക്കാർ ഇടപെടൽ അനിവാര്യമാണ്. ചെങ്ങോട്ടുമല പ്രദേശത്തെ ഒരു ടൗൺഷിപ്പാക്കുമെന്ന് അവകാശപ്പെടുന്ന ഡൽറ്റാ കമ്പനിക്കാർ കേരളത്തിൽ പാറമട വഴി സമഗ്ര വികസനവും ടൗൺഷിപ്പും ഉയർന്നുവന്ന ഏതെങ്കിലും പ്രദേശം ചൂണ്ടിക്കാണിച്ചാൽ ഉപകാരമായിരുന്നു.

ഈ സാഹചര്യത്തിൽ ഖനനം സാമൂഹ്യനിയന്ത്രണത്തിലാക്കാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽ നോട്ടത്തിൽ കൃത്യമായ ശാസ്ത്രീയ പഠനങ്ങൾക്ക് വിധേയമായി ജനങ്ങൾക്കും പരിസ്ഥിതിക്കും ഹാനികരമല്ലാത്ത രീതിയിൽ മാത്രമേ ഖനനം നടക്കൂ എന്ന് സർക്കാർ നിയമം വഴി ഉറപ്പാക്കണം. ഓരോ പ്രദേശത്തിന്റെയും വാഹകശേഷി കണക്കാക്കണം. ഇവയെല്ലാം പാലിക്കുന്നു വെന്ന് ഉറപ്പാക്കാൻ ജനകീയ സംവിധാനങ്ങളെ ജാഗ്രത്താക്കണം. പ്രകൃതി വിഭവങ്ങൾ വിതരണം ചെയ്യുമ്പോൾ ദരിദ്രരുടെ വീടുകൾക്കായിരിക്കണം മുൻഗണന. ഒപ്പംതന്നെ തദ്ദേശീയമായി ലഭ്യമാവുന്ന, ബദൽ നിർമാണ ഉല്പന്നങ്ങൾ വികസിപ്പിക്കാനും പാകപ്പെടുത്താനുമുള്ള ഗവേഷണങ്ങൾ ശക്തിപ്പെടുത്തണം. ചെലവു കുറഞ്ഞ കെട്ടിട നിർമാണ രീതിക്ക് ഔദ്യോഗിക അംഗീകാരം നൽകി പ്രചരിപ്പിക്കണം. ഇതൊന്നും പാലിക്കാതെ ലാഭം മാത്രം ലക്ഷ്യമാക്കിയുള്ള ഭൂവിഭവ കൊള്ളയെ തടയാൻ സർക്കാർ നിയമനിർമാണം ശക്തിപ്പെടുത്തണം. ഇത്തരം കാര്യങ്ങളൊന്നും കണക്കിലെടുക്കാതെ ചെങ്ങോട്ടു മലയിലെ പാറ ഖനനവുമായി മുന്നോട്ടു പോകുന്ന പാറമടക്കാർ ക്കെതിരായി ശക്തമായ ജനകീയ പ്രതിരോധം ഉയർന്നു വരണം.